നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വ്യവസ്ഥകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി, ഇ) ഏഷ്യാനെറ്റ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ അപേക്ഷ നൽകിയിരുന്നു. സ്ഥല ദൗർലഭ്യത്താൽ പ്രസ്തുത അപേക്ഷകൾ പരിഗണിക്കാൻ കഴിഞ്ഞില്ല.

(എഫ്) കെൽട്രോൺ ആഫീസ് ഇപ്പോഴും ട്രാവൻകൂർ ഹൗസിൽ പ്രവർത്തിക്കുന്നുണ്ട്. പി.ആർ.ഡി.യുടെ ഓഫീസ് ഈ കെട്ടിടത്തിൽ പ്രവർത്തിച്ചിട്ടില്ല. എന്നാൽ പി.ആർ.ഡി.യുടെ ഇൻഫർമേഷൻ സെന്റർ മാറ്റി സ്ഥാപിക്കാനായി ഈ കെട്ടിടത്തിൽ സ്ഥലം ഒഴിച്ചിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്,ഐ) സർക്കാർ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള നിരക്ക് നിശ്ചയിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. ട്രാവൻകൂർ ഹൗസ് വാടകയ്ക്ക് നൽകുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിരിക്കുന്നത് കേരള ഹൗസിലുള്ള പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറെക്കൊണ്ട് പഠനം നടത്തി ഡൽഹിയിലെ റസിഡന്റ് കമ്മീഷണർ അയച്ചു തന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ്. ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള സ്ഥലത്തിന് ചതുരശ്ര. അടിക്ക് 100 രൂപയും മുകളിലത്തെ നിലയിലുള്ള സ്ഥലത്തിന് ചതുരശ്ര അടിക്ക് 75/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ജെ) ഒരേ നിരക്കിലല്ല.

33(37) ജനകീയാസൂത്രണത്തിനായി വിവിധ മേഖലയ്ക്കു വേണ്ടി അനുവദിച്ച തുക

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം ആരംഭിച്ചതു മുതൽ ഇതുവരെ ജനകീയാസൂത്രണത്തിന് വേണ്ടി ഓരോ വർഷവും കൃഷി, വ്യവസായം, പശ്ചാത്തല വികസന മേഖല, സേവന മേഖല എന്നിവയ്ക്കു വേണ്ടി അനുവദിച്ച തുക എത്രയാണ്;

(ബി) ഇത് ജനകീയാസൂത്രണത്തിനു വേണ്ടി ഓരോ വർഷവും അനുവദിച്ച തുകയുടെ എത്ര ശതമാനം വീതമാണെന്ന് പറയുമോ;

(സി) പ്രസ്തുത ഓരോ വർഷവും കൃഷി, വ്യവസായം, പശ്ചാത്തല വികസന മേഖല, സേവനമേഖല എന്നിവയ്ക്ക് യഥാർത്ഥത്തിൽ എത്ര തുക വീതം ചെലവഴിച്ചു;

(ഡി) ഇത് ഓരോ മേഖലയ്ക്ക് വേണ്ടിയും അനുവദിച്ച തുകയുടെ എത്ര ശതമാനം വീതമാണ്;

(ഇ) ജനകീയാസൂത്രണം ആരംഭിച്ചത് മുതൽ ഇതുവരെ ഓരോ വർഷത്തേയും സാമ്പത്തികവളർച്ച എത്ര വീതമായിരുന്നു?

---

* അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജനകീയാസൂത്രണത്തിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിക്കുന്നത് വികസന മേഖലാടിസ്ഥാനത്തിലല്ല. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽ ഗവൺമെന്റ് നിർദ്ദേശിക്കുന്ന മാർഗ്ഗരേഖ അനുസരിച്ചു വിവിധ വികസന മേഖലയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തുകയാണ് ചെയ്യുന്നത്. അപ്രകാരം 1997-98, 1998-99 വാർഷിക പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ വികസന മേഖലകൾക്ക് വകയിരുത്തിയ പദ്ധതി വിഹിതത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

	മേഖല	പദ്ധതി വിഹിതം (കോടി രൂപ)	
		1997-98	1998-99
1.	കൃഷി (നെല്ലും മറ്റു കാർഷിക വിളകളും മാത്രം)	91.43	87.08
2.	കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ	168.15	224.40
3.	വ്യവസായങ്ങൾ	46.99	83.17
4.	പശ്ചാത്തല മേഖല	174.70	229.91
5.	സേവന മേഖല	267.73	325.44

1999-2000, 2000-2001 വാർഷിക പദ്ധതികളിലെ മേഖലാ വിഭജനത്തിന്റെ കണക്കുകൾ ശേഖരിക്കുന്നതേയുള്ളു.

(ബി) മുകളിൽ സൂചിപ്പിച്ച കണക്കുകൾ ജനകീയാസൂത്രണത്തിന് അനുവദിച്ച പദ്ധതി തുകയുമായി ബന്ധപ്പെടുത്തിയുള്ള ശതമാനത്തോത് ചുവടെ നൽകുന്നു.

	മേഖല	പദ്ധതി വിഹിതം (ശതമാനം)	
		1997-98	1998-99
1.	കൃഷി (നെല്ലും മറ്റു കാർഷിക വിളകളും)	10.25	9.51
2.	കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ	18.87	22.69
3.	വ്യവസായങ്ങൾ	4.81	8.46
4.	പശ്ചാത്തല മേഖല	24.44	21.28
5.	സേവന മേഖല	41.63	38.06

1999-2000. 2000-2001 വാർഷിക പദ്ധതികളിലെ ശതമാനത്തോത് കണക്കാക്കുന്നതേയുള്ളു.

(സി,ഡി) ജനകീയാസൂത്രണ വാർഷിക പദ്ധതികളിലെ ചെലവിന്റെ മേഖല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ഇ) ജനകീയാസൂത്രണം ആരംഭിച്ചതു മുതലുള്ള സാമ്പത്തിക വളർച്ചാനിരക്ക് ചുവടെ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	സാമ്പത്തിക വളർച്ചാ നിരക്ക് (ശതമാനം)
1997-98	4.95
1998-99	5.60
1999-2000	5.60

34(38) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ അഴിമതികളെക്കുറിച്ചുള്ള പരാതികൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ അഴിമതികളെക്കുറിച്ച് സംസ്ഥാന വിജിലൻസ് വകുപ്പിന് ഇതേവരെ എത്ര പരാതികൾ കിട്ടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ എത്ര പരാതികളിൻമേൽ അന്വേഷണം നടത്തി;

(സി) എത്രയെണ്ണത്തിൽ പ്രാഥമിക അന്വേഷണത്തിനുശേഷം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഒരന്വേഷണവും നടത്താതെ എത്ര പരാതികൾ ശേഷിക്കുന്നുണ്ട്;

(ഇ) സാമ്പത്തിക ക്രമക്കേടുകൾ ആരോപിച്ചിട്ടുള്ള പരാതികൾ എല്ലാം അന്വേഷിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ അഴിമതികളുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിൽ 1026 പരാതികൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	264
കൊല്ലം	-	78
പത്തനംതിട്ട	-	38
ആലപ്പുഴ	-	70
ഇടുക്കി	-	58
കോട്ടയം	-	31
എറണാകുളം	-	239
തൃശ്ശൂർ	-	19
പാലക്കാട്	-	16
കോഴിക്കോട്	-	181
മലപ്പുറം	-	21
കണ്ണൂർ	-	8
കാസർഗോഡ്	-	3

LIBRARY ARCHIVES Kerala Legislative Assembly